## കത്തുകൾ

# വേദങ്ങളും പുണ്യപുരുഷന്മാരും

'ബഹുസ്വര സമൂഹത്തിലെ മുസ്‌ലിം ജീവിതം' (ലക്കം 42,43) വായിച്ചു. മനുഷ്യ മഹത്വത്തിന് സത്താപരം, ആദർശാധിഷ്ഠിതം, കർമപരം എന്നിങ്ങനെ മൂന്നു മാനദണ്ഡങ്ങളുണ്ടെന്നും അതിൽ സത്താപരമായ മഹത്വം ജന്മസിദ്ധമായി കൈവരുന്നതാണെന്നും ലേഖകൻ സൂചിപ്പിക്കുന്നു. ജന്മസിദ്ധം എന്നാൽ ജനനത്തോടെ സിദ്ധിച്ചത് എന്നാണർഥം. ജനിക്കുന്നതോടുകൂടിയല്ല, മറിച്ച് സൃഷ്ടിക്കപ്പെടുന്നതോടുകൂടിത്തന്നെ സത്താപരമായ മഹത്വം മനുഷ്യന് സിദ്ധിക്കുന്നുവെന്നാണ് വിശുദ്ധ ഖുർആന്റെ വിളംബരം (ഖുർആൻ 4:1). സൃഷ്ടിപ്പിലൂടെ അല്ലാഹു പ്രദാനം ചെയ്യുന്ന സത്താപര മഹത്വവുമായി പിറക്കുന്ന മനുഷ്യക്കുഞ്ഞിനെ, കുടുംബ-കുല-വർഗ-വർണപരിഗണനകളുടെ കള്ളികൾക്കുള്ളിലാക്കി വേർതിരിച്ചുനിർത്തുന്നതും മനുഷ്യർ തന്നെയാണ്.

ആദർശാധിഷ്ഠിതം എന്ന മാനദണ്ഡ വിഭജനവും സംഗതമാണോയെന്ന് ചിന്തിക്കേണ്ടതുണ്ട്. കാരണം, ആദർശമെന്നത് മനുഷ്യന്റെ അവബോധത്തിൽ ചിന്തയും വിചാരവും ക്രമപ്പെടുത്തിയെടുക്കുന്ന ജീവിതത്തിന്റെ ചലനാത്മകതയാണ്. അതിനാൽ ആദർശം മനുഷ്യനിർമിതമാണെന്ന് പറയാനും കഴിയും. അതുകൊണ്ടുതന്നെ കാലാനുസൃതമായും സമ്മർദ സാഹചര്യങ്ങൾക്കനുസരിച്ചും ജീവിതം ചിട്ടപ്പെടുത്തിയെടുക്കാൻ നിർബന്ധിതമാകുമ്പോൾ പലരും അവരുടെ ആദർശത്തെയും മാറ്റിമറിക്കുന്നു. അതുകൊണ്ടാണ് മനുഷ്യന്റെ മഹത്വത്തിനും ശ്രേഷ്ഠതക്കും മാനദണ്ഡമായി ഈമാനിനെ (വിശ്വാസം) വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചത്. ഈമാൻ എന്ന പദത്തിന് ദൃഢമായ ഏകദൈവവിശ്വാസം എന്ന അർഥം മാത്രമല്ല, തദനുസൃതമായ ജീവിതം എന്ന വിശാല വിവക്ഷയുമുണ്ട്. വിശുദ്ധ ഖുർആൻ മാനദണ്ഡമായി പ്രഖ്യാപിച്ചിട്ടുള്ള ഈമാൻ മനുഷ്യനെ ഇസ്‌ലാമിക ജീവിതത്തിലേക്കും തിരിച്ചുവിടുന്നു.

ഇതര മതവിശ്വാസികൾ പുണ്യപുരുഷന്മാരായി കണ്ട പ്രവാചകന്മാരിലും ദൈവികമെന്ന് കരുതിയ വേദങ്ങളിലും വിശ്വസിക്കാൻ ഖുർആൻ കൽപിച്ചിട്ടുണ്ടെന്ന് ലേഖനത്തിൽ പരാമർശിച്ചു കാണുന്നു. അല്ലാഹു അയച്ച എല്ലാ പ്രവാചകന്മാരിലും അവർക്ക് അല്ലാഹു അവതീർണമാക്കിക്കൊടുത്ത വേദങ്ങളിലും വിശ്വസിക്കുകയെന്നല്ലാതെ ഇതര മതവിശ്വാസികൾ ആദരണീയരായി കരുതിപ്പോരുന്ന പുണ്യപുരുഷന്മാരെയും ഗ്രന്ഥങ്ങളെയും 'വിശ്വസിക്കാൻ' ഖുർആൻ ആവശ്യപ്പെട്ടിട്ടില്ല. എല്ലാ മുൻകാല പ്രവാചകന്മാരെയും പറ്റി കൃത്യമായ അറിവ് നമുക്ക് ലഭ്യമാക്കിയിട്ടില്ല. ഇതര മതക്കാർ വേദങ്ങളായി കരുതിവരുന്ന എല്ലാ ഗ്രന്ഥങ്ങളും ദൈവികം തന്നെയാണോയെന്നും അസന്ദിഗ്ധമായി പറയാനാവുകയില്ല. അവയിൽ പലതും ഏകദൈവനിഷേധധ്വനിയുള്ളവയാണെന്നുതന്നെ കാണാൻ കഴിയും. ഇസ്‌ലാമികതത്ത്വങ്ങളോട് ഒത്തുപോകാത്തവയുമുണ്ട്. അതിനാൽ ഖുർആനിക കൽപനയുടെ അടിസ്ഥാനത്തിൽ ലോകത്ത് എല്ലായിടത്തും പ്രവാചകന്മാരും വേദങ്ങളുമുണ്ടായിട്ടുണ്ടെന്ന് വിശ്വസിക്കുകയും ആ വിശ്വാസം നിലനിർത്തിക്കൊണ്ടുതന്നെ ഇതര മതവിഭാഗങ്ങൾ ആദരിച്ചുവരുന്ന അവതാരങ്ങളെയും മതഗ്രന്ഥങ്ങളെയും അവയിലടങ്ങിയിട്ടുള്ള വിശ്വാസതല വൈരുധ്യം മനസ്സിലാക്കി അനാദരവ് കാണിക്കാതിരിക്കുകയും ചെയ്യലാണ് വിശ്വാസിയുടെ ധർമം. ഇതര മതക്കാർ ദൈവികമെന്ന് കരുതുന്നവയെ എല്ലാം നാം വിശ്വസിക്കണം എന്നു പറയുമ്പോൾ വിശ്വാസപരമായ ഭ്രംശം വരും.

അതുപോലെ ഭാരതീയ വേദങ്ങൾ അല്ലാഹുവിങ്കൽനിന്നുള്ളതും പുണ്യപുരുഷന്മാർ അല്ലാഹു നിയോഗിച്ച പ്രവാചകന്മാരുമായേക്കാമെന്നും ലേഖകൻ പ്രസ്താവിച്ചുകാണുന്നു. ഏകദൈവം, ഏകദൈവവിശ്വാസം, പ്രപഞ്ച സൃഷ്ടിപ്പ്, മനുഷ്യോൽപത്തി, ആത്മാവ്, മരണം, ആത്മാവിന്റെ അനശ്വരത, മരണാനന്തര ജീവിതം എന്നീ വിഷയങ്ങളിൽ വേദങ്ങളിൽ പ്രകടമായി കാണുന്ന അന്തരം തന്നെ ഭാരതീയ വേദങ്ങൾ ദൈവദത്തമാണെന്ന് കരുതുന്നതിനും അവയിൽ പരാമർശിക്കപ്പെടുന്ന പുണ്യപുരുഷന്മാരെ പ്രവാചകന്മാരായി കണക്കാക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നു.

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ ഗതകാല മുസ്‌ലിംകൾക്കും ഇതര മതസ്ഥർക്കുമിടയിൽ ഇന്നുള്ളതിനേക്കാൾ ദൃഢമായ ബന്ധമാണ് നിലനിന്നിരുന്നതെന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. വിവിധ മതവിശ്വാസികൾക്കിടയിൽ സമരസത്തിന്റെ പാലം തീർക്കാൻ അക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാരുടെ ജീവിതപരിസരം സഹായകവുമായിരുന്നു. അവരുടെ പിൻഗാമികളായി ആരും തന്നെ മുന്നോട്ടുവരാതിരിക്കുകയും പുതുതലമുറ ആധുനികലോകത്തിന്റെ പ്രലോഭനങ്ങളിൽ പല മേഖലകളിലേക്കും ചേക്കേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പണ്ഡിത കുടുംബങ്ങളിൽനിന്നു തന്നെയാണ് ശ്രദ്ധേയരായ പല ഉൽപതിഷ്ണുക്കളും ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തകരും ഗ്രന്ഥകാരന്മാരും ഉണ്ടായിട്ടുള്ളതെന്നതും അഭിമാനിക്കാവുന്ന കാര്യമാണ്. പണ്ഡിത കുടുംബങ്ങൾ വേരറ്റുകൊണ്ടിരിക്കുന്നതും മുസ്‌ലിംസമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തിന് കാരണമായിട്ടില്ലേയെന്ന കാര്യം പരിചിന്തനം ചെയ്യേണ്ടതുതന്നെയാണ്.

**മുഹമ്മദ് താമരശ്ശേരി**




### ലേഖകന്റെ വിശദീകരണം

അബദ്ധങ്ങൾ ചൂണ്ടിക്കാട്ടിയതിന് നന്ദി. 'സൃഷ്ടിപരം' എന്ന പ്രയോഗമാണ് ഉത്തമം. ആദർശാധിഷ്ഠിതം എന്ന മാനദണ്ഡത്തെക്കുറിച്ച നിരീക്ഷണം അവ്യക്തമാണ്. സത്യവിശ്വാസവും സൽക്കർമവും (അൽ ഈമാൻ വൽ അമലുസ്സ്വാലിഹ്) ആണ് ആദർശപരമായ മഹത്വത്തിന്റെ അടിസ്ഥാനം എന്ന് ലേഖനത്തിൽ സൂചിപ്പിച്ചിരുന്നു. 'ആദർശം മനുഷ്യൻ തെരഞ്ഞെടുക്കുന്നതായതിനാൽ അത് മഹത്വ മാനദണ്ഡമാക്കാൻ പറ്റില്ല' എന്ന വീക്ഷണത്തോട് യോജിക്കാനാവില്ല. കാരണം സൽപാന്ഥാവ് ഒരാൾ തെരഞ്ഞെടുക്കുന്നതോടെ അയാൾക്ക് വിശ്വാസ-കർമ മഹത്വം ലഭിക്കും. തെറ്റായ വിശ്വാസവും ദുഷ്കർമവും സ്വീകരിക്കുന്നവർക്ക് ഈ മഹത്വം ലഭിക്കില്ല. ഇത് ഖുർആൻ തന്നെ വ്യക്തമാക്കിയതാണ് (95:5,6 63:8 49:3). മാത്രമല്ല, സ്വയം സൽപാന്ഥാവ് തെരഞ്ഞെടുക്കുകവഴി ലഭിക്കുന്ന മഹത്വത്തിനാണ് പ്രാധാന്യമുള്ളത്.

'മറ്റു മതസ്ഥരുടെ പുണ്യ പുരുഷന്മാരിലും ഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ മുസ്‌ലിംകൾ കൽപിക്കപ്പെട്ടിരിക്കുന്നു' എന്നെഴുതിയത് ജൂത-ക്രൈസ്തവ മതങ്ങളെക്കുറിച്ചാണെന്ന് അടുത്ത വാചകത്തിലുണ്ട്. അതിന്റെ 'കാരണം അതെല്ലാം യഥാർഥത്തിൽ ദൈവികമാണ്' എന്നും കുറിച്ചിരുന്നു. ഇസ്‌ലാമികവിരുദ്ധ ആശയങ്ങൾ ഉള്ളതുകൊണ്ട് മാത്രം അവ 'ദൈവികമായേക്കാം' എന്ന നിരീക്ഷണം തള്ളിക്കളയാനാവില്ല. അത്തരം ആശയങ്ങൾ പിൽക്കാലത്ത് കൂട്ടിച്ചേർത്തതാകാം. ചിലത് ഇസ്‌ലാമിക അധ്യാപനങ്ങളോട് യോജിക്കുന്നതാണെന്നു കാണാം. മോസസ്, യേശു; ബൈബിൾ തുടങ്ങിയവയുടെ അവസ്ഥ അതാണല്ലോ. ഹൈന്ദവഗ്രന്ഥങ്ങളെക്കുറിച്ച് ഇതേ നിരീക്ഷണം പ്രകടിപ്പിക്കുന്ന ചില പഠനങ്ങൾ നടന്നിട്ടുണ്ട്. ടി. മുഹമ്മദ് സാഹിബിന്റെ *ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ* ഉദാഹരണം. പ്രബോധകസമൂഹത്തെ മുമ്പിൽ വെച്ച് വേണം ഇത്തരം ചർച്ചകളെ സമീപിക്കാൻ.

# ഭരണഘടനയെ മറികടക്കുന്ന സിംഗിൾബെഞ്ച് വിധി!

ഉത്തർപ്രദേശിലെ ജനസംഖ്യയിൽ 18 ശതമാനം വരുന്ന മുസ്‌ലിംകളെ ന്യൂനപക്ഷ വിഭാഗമായി കണക്കാക്കാൻ കഴിയില്ലെന്ന ഇലാഹാബാദ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിയാണ് ഈ കുറിപ്പിനാധാരം. ന്യൂനപക്ഷമല്ലാത്ത മറ്റേതൊരു സമുദായത്തെയും പോലെ മുസ്‌ലിംകളെയും സംസ്ഥാന സർക്കാർ കണക്കാക്കിക്കൊള്ളണമെന്നാണ് ജസ്റ്റിസ് എ.എസ്.എൻ ശ്രീവാസ്തവയുടെ നിർദേശം! യു.പിയിൽ ചില ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് സർക്കാർ വഴിവിട്ട് ഗ്രാന്റ് നൽകുന്നുവെന്ന് പരാതിപ്പെട്ടുകൊണ്ട്, ഒരു മദ്റസ സമർപ്പിച്ച ഹരജിയിലുള്ള വിധിയിലാണ് കോടതിയുടെ ഇത്തരമൊരു വിചിത്ര വിധി. ജനസംഖ്യയുടെ അമ്പത് ശതമാനത്തിൽ താഴെയുള്ളവർ ന്യൂനപക്ഷമാണെന്ന സുപ്രീം കോടതി വിധിയുടെ ലംഘനമാണിത്.

വിധിയെ മിക്ക രാഷ്ട്രീയ പാർട്ടികളും സംഘടനകളും നിശിതമായി വിമർശിച്ചിരിക്കുകയാണ്. സുപ്രീം കോടതിയിൽ അപ്പീൽ നൽകുമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് മുസ്‌ലിംകൾ ന്യൂനപക്ഷം തന്നെയാണെന്നാണ് കോൺഗ്രസ് മനസ്സിലാക്കുന്നതെന്നും, 1951-ലെ സെൻസസ് വെച്ചു നോക്കിയാൽ മുസ്‌ലിം ജനസംഖ്യയിൽ ഒരു ശതമാനത്തിന്റെ ഏറ്റക്കുറച്ചിൽ മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും കോൺഗ്രസ് നേതാവ് റശീദ് ആൽവി പറയുന്നു. ഭരണഘടനയുടെ അടിസ്ഥാന രൂപം തച്ചുടക്കാവുന്നതല്ലെന്നും ന്യൂനപക്ഷങ്ങളെ അംഗീകരിക്കണമെന്ന് ഐക്യരാഷ്ട്രസഭാ പ്രഖ്യാപനത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും സി.പി.എം വ്യക്തമാക്കുകയുണ്ടായി. തലയെണ്ണം നോക്കി ന്യൂനപക്ഷ പദവി നിഷേധിക്കുന്നത് അർഹമായ അവകാശങ്ങൾ ഇല്ലാതാക്കാൻ ഇടവരുത്തുമെന്നാണ് കോടതിവിധിയെ കുറിച്ച ബി.ജെ.പി നേതാവ് രാജീവ് പ്രതാപ് റൂഡിയുടെ പ്രതികരണം.

2001-ലെ കാനേഷുമാരി പ്രകാരം, മുസ്‌ലിംകൾ ദേശീയ തലത്തിൽ 13.1 ശതമാനമാണ്. യു.പിയിൽ 18.5 ശതമാനവും. കേരളമടക്കം, ജനസംഖ്യയുടെ 25 ശതമാനം മുസ്‌ലിംകളുള്ള പല സംസ്ഥാനങ്ങളിലും സമുദായത്തിന് ന്യൂനപക്ഷ പരിഗണന ലഭിച്ചുകൊണ്ടിരിക്കെയാണ് ശ്രീവാസ്തവയുടെ അവാസ്തവ പ്രസ്താവം കേൾക്കേണ്ടിവന്നത്.

സാമൂഹിക നീതിക്കും പരിവർത്തനത്തിനും നേതൃത്വം നൽകേണ്ട ജനപ്രതിനിധിസഭകളുടെ നിയമനിർമാണാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് ഇത്തരം വിധിപ്രസ്താവങ്ങൾ എന്ന് പറയാൻ നാം നിർബന്ധിതരാവുകയാണ്. സമൂഹത്തിൽ നീതിയും സമത്വവും ഉറപ്പുവരുത്താൻ ഭരണഘടനാ നിർമാണസഭയും പാർലമെന്റും അസംബ്ലിയുമെല്ലാം നിർമിക്കുന്ന നിയമങ്ങൾ, ഇവ്വിധം കാറ്റിൽ പറത്തുമ്പോൾ സംഭവിക്കുന്നത് രാഷ്ട്രപുരോഗതിയുടെ ഗളച്ഛേദമല്ലാതെ മറ്റെന്താണ്?

ഭരണഘടനക്കെതിരെ വിധി പ്രഖ്യാപിക്കാൻ ഏതു കോടതിക്കാണ് അധികാരമുള്ളത്? ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷമായി പ്രഖ്യാപിച്ച രാജ്യത്തെ ഏറ്റവും പ്രബല ന്യൂനപക്ഷമായ മുസ്‌ലിം സമൂഹം, സ്വാതന്ത്ര്യലബ്ധിയുടെ ആറ് ദശാബ്ദം പിന്നിട്ടിട്ടും പരമശോചനീയ നിലയിൽ കഴിയുകയാണെന്ന വസ്തുനിഷ്ഠമായ പഠനത്തിലൂടെ സച്ചാർ കമ്മിറ്റി കണ്ടെത്തിയ ഘട്ടത്തിലാണ് ഇത്തരമൊരു വിധി വന്നിരിക്കുന്നത്.

ശ്രീവാസ്തവ നടത്തിയ വിധിക്കെതിരെ രംഗത്തുവന്ന രാഷ്ട്രീയ സംഘടനകളുടെയും സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും ശരിയായ ദിശയിലേക്കുള്ള ചുവടുവെപ്പ് ഇവിടെ ചിലർക്ക് രസിച്ചിട്ടില്ലെന്നതിന്റെ തെളിവാണ്, 'ഉത്തർപ്രദേശിൽ മുസ്‌ലിംകൾ ന്യൂനപക്ഷമല്ലെന്ന അലഹബാദ് ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധി വന്നപ്പോഴക്കും മതേതര നേതാക്കൾ വാളെടുത്തു തുടങ്ങി' എന്ന *മാതൃഭൂമി*യിലെ (11.4.'07) പ്രതികരണം.

**റഹ്മാൻ മധുരക്കുഴി**

# ഫൈസ്വൽ മൗലവിയുടെ ഫത്‌വ

ശൈഖ് ഫൈസ്വൽ മൗലവിയുടെ ഫത്‌വ (ലക്കം 43) ഇന്ത്യയിൽ സായുധ പ്രതിരോധത്തിന് മുറവിളികൂട്ടുന്നവർക്കുള്ള മറുപടിയാണ്. മക്കയിൽ എല്ലാതരം പീഡനങ്ങൾക്കും വിധേയമായ ഘട്ടത്തിലും സ്വയം പ്രതിരോധത്തിന് ആയുധമെടുക്കാൻ മുസ്‌ലിംകൾക്ക് അനുവാദമുണ്ടായിരുന്നില്ല. സമുദായ സംരക്ഷണത്തിന്റെ പേരിൽ ഉയർത്തപ്പെടുന്നത് ഖുർആനിക വിരുദ്ധമായ ജൽപനങ്ങളാണ്. വിശാലമായ ഇസ്‌ലാമിക ചിന്ത സങ്കുചിതമായ സാമുദായിക വൈകാരികതക്ക് വഴിമാറുന്നു. ബഹുസ്വരസമൂഹത്തിൽ സായുധ പുറപ്പാട് നടത്തുന്നതിലെ അപരാധം മനസ്സിലാക്കാൻ സാമാന്യ ബുദ്ധി മതി.

സമൂഹത്തിന് മുമ്പിൽ ഇസ്‌ലാമിന്റെ യഥാർഥ മുഖം വക്രീകരിക്കപ്പെടാനും പ്രബോധനത്തിന്റെ സാധ്യതകൾ ഇല്ലാതാക്കാനും മാത്രമേ ഈ ശൈലി ഉപകരിക്കൂ.

**എം.എ അമീൻ**
**ഈരാറ്റുപേട്ട**

# സൃഷ്ടികൾ ക്ഷണിക്കുന്നു

സെന്റർ ഫോർ ഇൻഫെർമേഷൻ ആന്റ് ഗൈഡൻസ് ഇന്ത്യ(സിജി)യുടെ ദശവാർഷികാഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കുന്ന സുവനീറിലേക്ക് ഫീച്ചർ, ലേഖനം, അനുഭവം, കഥ, കവിത, കാർട്ടൂൺ തുടങ്ങിയവ ക്ഷണിക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതാകണം രചനകൾ. പ്രസിദ്ധീകരിക്കാത്തവ തിരികെ ലഭിക്കണമെങ്കിൽ മതിയായ സ്റ്റാമ്പൊട്ടിച്ച കവർ കൂടെ വെക്കണം. രചനകൾ എഡിറ്റർ, ഡസനിയൽ സുവനീർ, സിജി, ചേവായൂർ, കോഴിക്കോട് -17 (ഫോൺ: 9846026710) എന്ന വിലാസത്തിൽ മെയ് 15-നു മുമ്പ് ലഭിക്കത്തക്ക വിധം അയക്കണം. ഇമെയിലിലും അയക്കാം. വിലാസം: cigisouvenir@gmail.com

**എഡിറ്റർ**
**ഡസനിയൽ സുവനീർ**

## ▪ ചുരുക്കെഴുത്ത്

**സങ്കുചിതതാൽപര്യങ്ങളുടെ** പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചേരിതിരിഞ്ഞ് പരസ്പരം പോരടിക്കുകയും ആരോപണ പ്രത്യാരോപണങ്ങൾ നടത്തുകയും പള്ളികളും മദ്റസകളും അടച്ചുപൂട്ടിക്കുകയും അക്രമങ്ങളഴിച്ചുവിടുകയും ചെയ്യുന്നവർ, പരസ്പരാദരവിനും സൗഹാർദത്തിനും മുൻഗണന നൽകി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കെതിരെ കുപ്രചാരണങ്ങളഴിച്ചുവിടാൻ വീണുകിട്ടിയ ആയുധമായി ഉപയോഗപ്പെടുത്തുകയാണ് മദീന മസ്ജിദുമായി ബന്ധപ്പെട്ട വ്യാജവാർത്തകളെ. വസ്തുതകൾ വളച്ചൊടിച്ച് പ്രസ്ഥാനത്തിനെതിരെ ദുഷ്പ്രചാരണങ്ങളഴിച്ചുവിട്ട് അവർ നന്നായി ആഘോഷിക്കുന്നുണ്ട്. 42-ാം ലക്കം *പ്രബോധന*ത്തിൽ ഹമീദ് വാണിമേൽ എഴുതിയ 'മദീനാ മസ്ജിദും ജമാഅത്തെ ഇസ്‌ലാമിയും' എന്ന കുറിപ്പ് ഇതുമായി ബന്ധപ്പെട്ട സത്യാവസ്ഥ മനസ്സിലാക്കാൻ സഹായകമായി.

**ഹനീഫ് ചുള്ളിയിൽ, പോത്തുകുണ്ട്**